"ഭരണഭാഷ-മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

ഹോമിയോപ്പതി വകുപ്പ് - കോട്ടയം ജില്ലയിലെ പാറത്തോട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ആയിരുന്ന കുമാരി ഷെൽസി മരിയ സെബാസ്റ്റ്യന് (നിലവിൽ വിജയപുരം സർക്കാർ ഹോമിയോ ഡിസ്പെൻസറി) അനുവദിച്ചുനൽകിയ ശൂന്യേവതനാവധിയിൽ ഉപയുക്തമാക്കാത്ത കാലയളവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ആയുഷ് (സി) വകുപ്പ്

സ.ഉ.(സാധാ) നം.130/2025/AYUSH തീയതി, തിരുവനന്തപുരം, 10-03-2025

---

പരാമർശം:-
(1) സ.ഉ.(സാധാ)നം.235/2023/ആയുഷ് തീയതി 24/06/2023.
(2) സ.ഉ.(സാധാ)നം.143/2024/ആയുഷ് തീയതി 23/04/2024.
(3) കുമാരി ഷെൽസി മരിയ സെബാസ്റ്റ്യൻ 24/09/2024-ൽ സമർപ്പിച്ച അപേക്ഷ.
(4) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 13/11/2024-ലെ DHTVM/1653/2024-EA5 - നമ്പർ കത്ത്.

### ഉത്തരവ്

കോട്ടയം ജില്ലയിലെ പാറത്തോട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ആയിരുന്ന കുമാരി ഷെൽസി മരിയ സെബാസ്റ്റ്യന് (നിലവിൽ വിജയപുരം സർക്കാർ ഹോമിയോ ഡിസ്പെൻസറി) 07/04/2021 മുതൽ 31/05/2024 വരെ പരാമർശം-(1) പ്രകാരവും, കോഴ്സ് കാലാവധി ദീർഘിപ്പിച്ചതിനാൽ 01/06/2024 മുതൽ 30/09/2024 വരെ പരാമർശം-(2) പ്രകാരവും ബി.എച്ച്.എം.എസ്. പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നുവെന്നും, എന്നാൽ കോഴ്സ് കാലാവധി 10/09/2024-ന് അവസാനിച്ച് 11/09/2024-ന് ജോലിയിൽ തിരികെ പ്രവേശിച്ചിരിക്കുന്നതിനാൽ പരാമർശം-(2) പ്രകാരം അനുവദിച്ചുനൽകിയ ശൂന്യവേതനാവധിയിൽ ഉപയുക്തമാക്കാത്ത 11/09/2024 മുതൽ 30/09/2024 വരെയുള്ള കാലയളവ് റദ്ദ് ചെയ്തു നൽകണമെന്നാവശ്യപ്പെട്ട് ടിയാൾ പരാമർശം-(3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം-(4) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി മേൽ നടപടികൾക്കായി സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി ലഭ്യമാക്കിയ വസ്തുതകളുടേയും, രേഖകളുടേയും വെളിച്ചത്തിൽ, കോട്ടയം ജില്ലയിലെ പാറത്തോട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ്

ആയിരുന്ന (നിലവിൽ വിജയപുരം സർക്കാർ ഹോമിയോ ഡിസ്പെൻസറി) കുമാരി ഷെൽസി മരിയ സെബാസ്റ്റ്യന് പരാമർശം-(2)-ലെ ഉത്തരവ് പ്രകാരം 01/06/2024 മുതൽ 30/09/2024 വരെ പഠനാവശ്യത്തിനായി അനുവദിച്ചു നൽകിയ ശൂന്യവേതനാവധിയിൽ, ഉപയുക്തമാക്കാത്ത 11/09/2024 മുതൽ 30/09/2024 വരെയുള്ള കാലയളവ് റദ്ദ് ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ഡെപ്യൂട്ടി സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
2. കുമാരി ഷെൽസി മരിയ സെബാസ്റ്റ്യൻ, സർക്കാർ ഹോമിയോ ഡിസ്പെൻസറി, വിജയപുരം, കോട്ടയം. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖാന്തിരം)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), കോട്ടയം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം തിരുവനന്തപുരം.
5. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ്. (27/02/2025-ലെ E1927018/HLT-B3/624/2021-FIN നമ്പർ കുറിപ്പ് പ്രകാരം)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 10-03-2025 10:42:52

സെക്ഷൻ ഓഫീസർ.